# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 693 — 16.07.2012 ൽ – മറുപടിക്ക്

## റേഷൻ കടകൾ നവീകരിക്കുന്നതിന് പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പാലോട് രവി<br>" ലൂഡി ലൂയിസ്<br>„ സണ്ണി ജോസഫ്<br>„ അൻവർ സാദത്ത് | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ റേഷൻ കടകൾ നവീകരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ; | (എ) | സംസ്ഥാനത്തെ പൊതു വിതരണ രംഗം കാര്യക്ഷമവും സുതാര്യവും ഉപഭോക്തൃ ആകർഷകവും ആക്കുന്നതിന് ലക്ഷ്യമിട്ടാണ് റേഷൻകടകൾ നവീകരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. നവീകരണത്തിന്റെ ഭാഗമായി റേഷൻകടകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ അറ്റകുറ്റപണികൾ നടത്തുക, കടകൾ ഇളം മഞ്ഞ കളർ ഇനാമൽ പെയിന്റ് ഉപയോഗിച്ച് പെയിന്റ് ചെയ്യുക, കടകളിൽ ആവശ്യത്തിന് പ്രകാശം ലഭ്യമാക്കുന്നതിന് ട്യൂബ് ലൈറ്റ്/സി. എഫ്.എൽ. ലാമ്പുകൾ സ്ഥാപിക്കുക, 5 വർഷത്തിലധികം പഴക്കമുള്ള റിക്കാർഡുകൾ കടകളിൽ നിന്നും മാറ്റുകയും ശേഷിക്കുന്നവ ഷെൽഫിൽ വൃത്തിയായി സൂക്ഷിക്കുക തുടങ്ങിയ ഉപഭോക്തൃ ആകർഷകമായി പ്രവർത്തികൾ നടത്തിവരുന്നു. കൂടാതെ ഉപഭോക്തൃ സംരക്ഷണാർത്ഥം റേഷൻ സാധനങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും ലഭിക്കുന്നതിന് ഇലക്ട്രോണിക് ത്രാസ് സ്ഥാപിക്കുക, റേഷൻ സാധനങ്ങളുടെ സാമ്പിളുകൾ പ്രദർശിപ്പിക്കുക, റേഷൻ സാധനങ്ങളുടെ സ്റ്റോക്ക്, വില, കാർഡുടമകൾക്ക് ലഭിക്കുന്ന വിഹിതം / അളവ് എന്നിവ സൂചിപ്പിക്കുന്ന പ്രത്യേക ബോർഡ് കടകളിൽ സ്ഥാപിക്കുക തുടങ്ങിയ പ്രവർത്തികളും നടത്തുന്നു. കഴിഞ്ഞ നാല് വർഷങ്ങളിലായി സംസ്ഥാനത്തെ 870 റേഷൻകടകൾ ഇപ്രകാരം നവീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | റേഷൻ ചില്ലറ വ്യാപാരികൾ റേഷൻ സാധനങ്ങൾ അർഹതപ്പെട്ടവർക്ക് പൂർണ്ണ തോതിൽ ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ? | (ബി) | റേഷൻ ചില്ലറ വ്യാപാരികൾ റേഷൻ സാധനങ്ങൾ അർഹതപ്പെട്ടവർക്ക് പൂർണ്ണ തോതിൽ ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് വിവിധ വിഭാഗം കാർഡ് ഉടമകൾക്ക് അവകാശപ്പെട്ട റേഷൻ സാധനങ്ങളുടെ വിതരണക്രമം, അളവ്, വില എന്നിവ സൂചിപ്പിക്കുന്ന പ്രത്യേക ബോർഡ് റേഷൻകടകളിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത വിവരം പത്രമാധ്യമങ്ങളിൽ കൂടിയും കാർഡ് ഉടമകളെ അറിയിക്കുന്നുണ്ട്. റേഷൻ സാധനങ്ങൾ കൃത്യമായ അളവിൽ ലഭിക്കുന്നതിന് ഇലക്ട്രോണിക് ത്രാസ് സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ